# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 02/05/ 2020

## ഹോട്ട്സ്പോട്ടുകളായ തൃക്കരുവ, തൃക്കോവിൽവട്ടം, ചാത്തന്നൂർ, കല്ലുവാതുക്കൽ പഞ്ചായത്തുകൾ പോലീസിന്റെ കടുത്ത നിയന്ത്രണത്തിൽ

കൊല്ലം : സംസ്ഥാന സർക്കാർ ഹോട്ട്സപോട്ടുകളായി പ്രഖ്യാപിച്ച കൊല്ലം സിറ്റി പോലീസ് പരിധിയിലെ തൃക്കരുവ, ചാത്തന്നൂർ, തൃക്കോവിൽവട്ടം, കല്ലുവാതുക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ട്രിപ്പിൾ ലോക്ക്-ഡൗൺ സംവിധാനം ഏർപ്പെടുത്തുകയും പോലീസ് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പഞ്ചായത്തുകളിലെ എല്ലാ പ്രദേശങ്ങളിലും പോലീസ് അനൗൺസ്മെന്റ് നടത്തി ജാഗ്രതാ നിർദേശങ്ങൾ നൽകി. പ്രധാന ജംഗ്ഷനുകളിലും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലും പരിശോധനകൾ കർശനമാക്കുന്നതിന്റെ ഭാഗമായി പോലീസ് പിക്കറ്റുകൾ ഏർപ്പെടുത്തി ശക്തമായ പോലീസ് സംവിധാനമാണ് പ്രദേശങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ഹോട്ട്സ്പോട്ട് പ്രദേശത്ത് നിന്നും അടിയന്തിര മെഡിക്കൽ എമർജൻസിക്കല്ലാതെ പുറത്തേക്ക് പോകുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്ത് ജനങ്ങൾക്ക് വേണ്ട അവശ്യ വസ്തുക്കൾ പഞ്ചായത്ത് മെമ്പർമാരുടെ സഹായത്തോടെ വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള പഞ്ചായത്തുകളിലെ ജനങ്ങൾ ട്രിപ്പിൾ ലോക്-ഡൗൺ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പോലീസിനോട് സഹകരിക്കണമെന്ന് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.

ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് വാഹനങ്ങളിലും മറ്റും അനാവശ്യമായി യാത്ര ചെയ്തതിനും മറ്റുമായി ഇന്ന് കൊല്ലം സിറ്റി പരിധിയിൽ 275 കേസുകൾ രജിസ്റ്റർ ചെയ്ത് 275 പേരെ അറസ്റ്റ് ചെയ്യുകയും 211 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 27 പേർക്ക് നോട്ടീസ് നൽകി. കൊല്ലം വെസ്റ്റ് പോലീസ് സ്റേഷൻ പരിധിയിൽ മുളങ്കാടകം ഗോപാൽ സ്റ്റേഷനറി സ്റ്റോർ നിബന്ധനകൾ ലംഘിച്ച് ശുചീകരണ സംവിധാനങ്ങൾ ഒരുക്കാതെ പ്രവർത്തിപ്പിച്ചതിന് കടയുടമക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.ഇരവിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ പള്ളിമുക്കിൽ വഴിയോര മത്സ്യക്കച്ചവടം നടത്തിയതിന് അയത്തിൽ സ്വദേശി സലീമിനെതിരെ കേസ് രജിസ്റ്റർ ചെയ്തു.

ജനമൈത്രി പോലീസിന്റെ സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടിയം കമ്പിവിള യിൽ നിർധനരായ 50 കുടുംബങ്ങൾക്ക് ജനമൈത്രി പോലീസും കൊല്ലം മനുഷ്യാവകാശ പ്രസ്ഥാനങ്ങളും ചേർന്ന് അത്യാവശ്യ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തു. കൊവിഡ്-19 മൂലം ദുരിതമനുഭവിക്കുന്ന അഞ്ഞൂറോളം ഓട്ടോ ഡ്രൈവർമാർക്ക് പരവൂർ സൂപ്പർ മാർക്കറ്റ് ,മധുരം മലയാളം എന്നിവയുടെ സഹായ



ത്തോടെ പരവൂർ ജനമൈത്രി പോലീസ് പലവ്യഞ്ജനക്കിറ്റുകൾ നൽകി.കൊല്ലം സിറ്റി സ്പെ ഷ്യൽ ബ്രാഞ്ച് ഏ.സി.പി. നസീർ എം.എ, പരവൂർ എസ്.ഐ ജയകുമാർ എന്നിവർ കിറ്റുകൾ വിതരണം ചെയ്തു.കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ 25 നിർധന കുടുംബ ങ്ങൾക്ക് ജനമൈത്രി പോലീസ് ഭക്ഷണപ്പൊതി വിതരണം ചെയ്തു.

കൊവിഡ്-19 വ്യാപനം തടയുന്നതിന് സർക്കാർ നടപ്പിലാക്കിയ നിബന്ധനകളും നിർദേ ശങ്ങളും ജനങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും പൊതുസ്ഥലങ്ങളിൽ നിർബന്ധ മായും മാസ്ക് ധരിക്കേണ്ടതും അനാവശ്യമായി പുറത്തിറങ്ങുന്നവർക്കെതിരെയും തുടർന്നും കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും കൊല്ലംസിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.